മെട്രോ വാർത്ത

24 November 2017

# നൂതന പദ്ധതികളെ നീതി ആയോഗ് പിന്തുണയ്ക്കും: പ്രഫ. രമേശ് ചന്ദ്



*സിഎംഎഫ്ആർഐ ശാസ്ത്രജ്ഞരുമായുള്ള കൂടിക്കാഴ്ചയിൽ നീതി ആയോഗ് അംഗം പ്രൊഫ. രമേശ് ചന്ദ് സംസാരിക്കുന്നു.*

കൊച്ചി: ജനങ്ങളുടെ ജീവിത നിലവാരം ഉയർത്താൻ സഹായകരമാകുന്ന നൂതന വികസന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് നീതി ആയോഗിന്റെ പൂർണ പിന്തുണയുണ്ടാകുമെന്ന് നീതി ആയോഗ് അംഗവും പ്രമുഖ കാർഷിക സാമ്പത്തിക ശാസ്ത്രജ്ഞനുമായ പ്രഫ. രമേശ് ചന്ദ്. കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിലെ (സിഎംഎഫ്ആർഐ) ശാസ്ത്രജ്ഞരുമായി സംവദിക്കുകയായിരുന്നു അദ്ദേഹം.

പുതുമയുള്ള ആശയങ്ങൾക്ക് പണത്തേക്കാൾ മൂല്യമുണ്ട്. നൂതനമായ ആശയങ്ങളും ദീർഘവീക്ഷണത്തോടെയുള്ള പദ്ധതികളും നടപ്പിലാക്കുന്നതിന് സംസ്ഥാനങ്ങൾക്ക് നീതി ആയോഗിന്റെ സഹായമുണ്ടാകും. മത്സ്യത്തിന് കുറഞ്ഞ താങ്ങുവില ഏർപ്പെടുത്തുന്നത് മത്സ്യവിലയിൽ ഏറ്റക്കുറച്ചിലുകൾ മൂലമുണ്ടാകുന്ന പ്രതിസന്ധിക്ക് ശാശ്വത പരിഹാരമല്ല. മീനിന് താങ്ങുവില ഏർപ്പെടുത്തുന്നതിൽ പ്രായോഗിക ബുദ്ധിമുട്ടുകളുണ്ട്. വിലത്തകർച്ചയിലൂടെയുള്ള പ്രതിസന്ധി മറികടക്കാൻ മത്സ്യോൽപാദന സംഘങ്ങൾ രൂപീകരിക്കുന്നത് ഗുണകരമാകുമെന്നും പ്രഫ. രമേശ് ചന്ദ് പറഞ്ഞു. ഗ്രാമീണ വ്യവസായ മേഖലയിൽ തൊഴിലവസരങ്ങളുടെ വളർച്ചാ നിരക്ക് വളരെ കുറവാണ്. രാജ്യം നേരിടുന്ന ഒരു പ്രധാന വെല്ലുവിളിയാണിത്. തൊഴിലവസരങ്ങൾ വർധിപ്പിക്കുന്ന വ്യവസായ സംരംഭങ്ങളാണ് ഗ്രാമീണ മേഖലയിൽ രാജ്യത്തിന് വേണ്ടത്. കാർഷിക അനുബന്ധ മേഖലകളിൽ പ്രവർത്തിക്കുന്ന വിദഗ്ധർ ഇതിന് ഊന്നൽ നൽകണമെന്നും പ്രൊഫ ചന്ദ് അഭിപ്രായപ്പെട്ടു.

സമുദ്രമത്സ്യ മേഖലയിൽ സിഎംഎഫ്ആർഐ നടത്തിവരുന്ന ഗവേഷണ പ്രവർത്തനങ്ങൾ കുറിച്ച് ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ വിശദീകരിച്ചു.